LIBRARY ARCHIVES Kerala Legislative Assembly

**പ്രകൃതി ദുരന്തംമൂലമുള്ള വിളനാശങ്ങളുടെ നഷ്ടപരിഹാരത്തിന്റെ മാനദണ്ഡങ്ങൾ**

**150(T 3072)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തത്തിൽ വിളനാശം സംഭവിച്ചത് സംബന്ധിച്ച നഷ്ടത്തുക കണക്കാക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) പ്രകൃതി ദുരന്തത്തിൽ നഷ്ടപ്പെട്ട ഒരു തെങ്ങിന് 800 രൂപ കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ പുതിയ മാനദണ്ഡപ്രകാരം ഒരു തെങ്ങിന് 65 രൂപ മാത്രമേ നൽകാൻ കഴിയൂഎന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തെങ്ങ്, കവുങ്ങ്, വാഴ തുടങ്ങിയ വിളകൾക്ക് വിള വിസ്തൃതിക്ക് പകരം എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുക കണക്കാക്കുന്നതിന് നിർദ്ദേശിക്കാമോ ?

ഉത്തരം

(എ&ബി) കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ അനുസരിച്ചാണ് 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവും ചേർന്ന സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത നിധിയിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. ആശ്വാസ ധനസഹായമാണ് അനുവദിക്കുന്നത്. പ്രകൃതി ദുരന്തത്തിൽ വിളനാശം സംഭവിച്ചവർക്കുള്ള ധനസഹായം 21-8-2014-ലെ G.O(Ms)No.361/2014/DMD പ്രകാരമാണ് നിലവിൽ അനുവദിക്കുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വൈക്കം ടിവിപുരത്തെ അനധികൃത കയ്യേറ്റങ്ങൾ**

**151(3073)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ടിവിപുരം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നതും പഴുവുവള്ളി പ്രദേശത്തെ മേൽവെള്ളം കായലിലേക്ക് ഒഴുകിപ്പോകുന്നതിനുള്ള മാർഗ്ഗംകൂടിയായ മാഞ്ഞുവള്ളിച്ചിറത്തോട് നികത്തുവാൻ ശ്രമാഹിയനീക്കം നടത്തുന്നതായുള്ള പ്രദേശവാസികളുടെ പരാതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.